For Private Circulation Only

April 2024

ആഗമനാരുണൻ

HOLY BIBLE

Vol.71

“നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന് .....അവനോടുകൂടെ ക്രൂശിക്കപ്പെട്ടു” (റോമർ 6:5)

No.4

ഉയിർത്തെഴുന്നേറ്റു ക്രിസ്തുവിനോടുകൂടെ

By Andrew Murray

അതെ, ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ആഴമായ അർത്ഥം! എന്താണ് താൻ മരിക്കുമ്പോൾ ക്രിസ്തു ചെയ്തത്? താൻ അന്ധാകരത്തിലേയ്ക്ക് ഇറങ്ങി, തികച്ചും നിസഹായകനായ അവസ്ഥ. അവിടുന്ന് ദൈവം നൽകിയ ജീവിതത്തെ, അതിമനോഹരവും വിലയേറിയതുമായ തന്റെ ജീവിതത്തെ. യേശു പറഞ്ഞു, “എന്റെ പിതാവ് ചോദിച്ചാൽ ഞാൻ ഇതിനെ അവിടുത്തെ കൈകളിൽ കൊടുക്കും”, അവിടുന്ന് അങ്ങനെ ചെയ്തു. യേശു കല്ലറയിൽ ദൈവത്തിന്റെ ഇഷ്ടത്തിനായി കാത്തിരുന്നു, തന്റെ നിസാഹയ അവസ്ഥയിലും അവിടുന്ന് ദൈവത്തെ ബഹുമാനിച്ചു. അവിടുത്തെ ഇഷ്ടത്തിനായി കാത്തിരുന്നു, ദൈവം തന്നെ തന്റെ അതിമഹത്തായ മഹത്വത്തിലും ശക്തിയിലും തന്നെ ഉർത്തി. താൻ പിതാവിന്റെ ഇഷ്ടത്തിനും മരണത്തിനും തന്നെ ഏല്പിച്ചുകൊടുത്തു. എങ്കിലും ക്രിസ്തുവിൽ ഒന്നും നഷ്ടമായില്ല. അതുകൊണ്ട് സന്തോഷത്തോടെ അവിടുത്തെ ഇഷ്ടത്തിനായി ജീവിതത്തെ ഏല്പിച്ചുകൊടുക്കുന്നവനെ അവിടുന്ന് അനുഗ്രഹിക്കും. “അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും” (റോമ. 6:5).

അതുകൊണ്ട്, ദൈവത്തിന്റെ ജീവനും മഹത്വവും നമ്മിൽ വരണം എന്ന് ആഗ്രഹിക്കുന്നു എങ്കിൽ, കല്ലറയിൽ അതീവ നിസഹായ അവസ്ഥയിൽ ആയിരുന്നാലും ദൈവത്തിന്റെ മഹത്വം അവിടെ വെളിപ്പെടും. യേശു മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു, ആ പുനരുദ്ധാന ശക്തി, ദൈവകൃപയാൽ നമ്മെ ഉയിർത്തെഴുന്നേല്പിക്കും. കർത്താവായ യേശുക്രിസ്തുവിലുള്ള ഒരു പൂർണ്ണ ഉയിർത്തെഴുന്നേല്പിൻ ജീവിതം നാം അനുഭവമാക്കിയില്ലെങ്കിൽ ശരിയായ ജീവിതം നയിപ്പാൻ ആർക്കും കഴിയുകയില്ല. യേശുക്രിസ്തു രണ്ടു പ്രാവശ്യം ജനിച്ചു. ആദ്യം അവിടുന്ന് ബെത്ലഹേമിൽ ജനിച്ചു. അത് ബലഹീനതയിൽ ഉള്ള ഒരു ജനനമായിരുന്നു. എന്നാൽ രണ്ടാമത്, കല്ലറയിൽ നിന്നും ജനിച്ചു; അവിടുന്ന് “മരണത്തിൽ നിന്നും ആദ്യം ജനിച്ചവൻ” (കൊലൊ.1:18). കാരണം, അവിടുന്ന് ആദ്യജനനത്തിലൂടെ ലഭിച്ച ജീവിതം അവിടുന്ന് ഏല്പിച്ചുകൊടുത്തു. ദൈവം അവിടുത്തേയ്ക്ക് രണ്ടാമതൊരു ജനനം നൽകി, ദൈവത്തിന്റെ മഹത്വത്തിലേയ് ക്കും അവിടുത്തെ നിത്യ സിഹംസാനത്തിലേക്കും.

പ്രിയ വിശ്വാസിയേ, അതാണ് നാം ചെയ്യേണ്ടത്. ഒരുവൻ ഒരു വിശ്വസ്ത വിശ്വാസിയായിരിക്കാം, വിജയിയായ പ്രവർത്തകൻ, ഒരു വിശ്വാസിക്കു വേണ്ട എല്ലാ വളർച്ചയും ഉയർച്ചയും ഉണ്ടായേക്കാം, എന്നാൽ അവൻ ദൈവത്തിന്റെ ഈ നിറവിങ്കലേയക്ക് എത്തിയില്ല, എങ്കിൽ, അവൻ ദൈവത്തിന്റെ രണ്ടാമത്തേതും ആഴമേറിയതുമായ ആത്മീക അനുഭവങ്ങളിലേക്ക് വരേണ്ടതുമാണ്. ദൈവം ജനത്തെ മിസ്രയീമിൽ നിന്നും കൊണ്ടുവന്നു, ചെങ്കടലിലൂടെ നടത്തി, എന്നാൽ അവർ യോർദ്ദാനിൽ നിന്നും കനാനിലേയ്ക്ക് പ്രവേശിപ്പാൻ ദൈവം പറഞ്ഞ ഒരു സ്ഥലത്തേയ്ക്ക് അവർ വരണമായിരുന്നു.

നാം ക്രിസ്തുവിന്റെ മരണത്തോടു അനുരൂപരാകുവാൻ സ്നാനപ്പെട്ടു. ഇത് നമുക്ക് ഇങ്ങനെ പറയുവാൻ കഴിയും. “എനിക്ക് വളരെ അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതമുണ്ട്, അനേകം അനുഗ്രഹിക്കപ്പെട്ട അനുഭവങ്ങളും എനിക്കുണ്ട്, ദൈവം ധാരാളം കാര്യങ്ങൾ എനിക്കു വേണ്ടി ചെയ്തിട്ടുണ്ട്, എന്നാൽ എന്തോ ചില വീഴ്ചകൾ എന്റെ ജീവിതത്തിൽ കാണുന്നുണ്ട്, ജീവിതവും അതിന്റെ വിജയങ്ങളും വാസ്തവത്തിൽ എന്റേതല്ല”. യേശു പ്രാപിച്ച വിജയവും ജീവിതവും, അവിടുത്തേയ്ക്ക് മരണം വരിക്കേണ്ടി വന്നു, ചിലത് ഉപേക്ഷിക്കേണ്ടവന്നു. നാമും അങ്ങനെ ചെയ്യുമെങ്കിൽ, നാം അവിടുത്തെ വിജയവും മഹത്വവും പങ്കിടും. നാം യേശുവിനെ പിൻപറ്റി അവിടുത്തെ മരണത്തിൽ പങ്കാളികളാകുമ്പോൾ അവിടുത്തെ പുനരുത്ഥാനവും ശക്തിയും നമുക്ക് സ്വന്തമാവുകയാണ്.

ക്രിസ്തു തന്നെത്താൻ താഴ്ത്തിയതിനാൽ, ദൈവവും അവിടുത്തെ ഏറ്റവും ഉയർത്തി. യേശുക്രിസ്തുവിന്റെ ഈ ഉയർച്ചയുടെ മഹത്വം മനോഹാരിതയും എവിടെ നിന്നുമാണ് വരുന്നത്? ദൈവവുമായി ഒരു സമ്പൂർണ്ണ കൂട്ടായ്മ ക്രിസ്തുവിനുണ്ടായിരുന്നു, മറ്റുള്ളവരോടും,. സർവ്വശക്തനായ ദൈവത്തിലുള്ള കൂട്ടായ്മയും ശക്തിയും തനിക്കുണ്ടായിരുന്നു. അത് തന്റെ മരണത്തിന്റെ ഫലം ആയിരുന്നു.

ദൈവത്തിന്റെ വചനം വാഗ്ദത്തം ചെയ്യുന്നത്, ദൈവം പുനരുദ്ധാന ജീവിതത്തിൽ, സകല ബുദ്ധിയേയും കവിയുന്ന സന്തോഷവും സമാധാനവും നൽകി, പാപത്തിന്മേൽ വിജയം നൽകി, നമ്മിൽ വസിക്കുന്നു, തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നിറയ്ക്കുന്നു.

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ഉയിർത്തെഴുന്നേറ്റു ക്രിസ്തുവിനോടുകൂടെ

യേശു സ്വർഗ്ഗത്തിലെ സിംഹാസനത്തിലേയ്ക്ക് ഉയർത്തപ്പെട്ടു, പരിശുദ്ധാത്മാവിനെ പിതാവിനോടു വാങ്ങി, ആ നിറവുകൾ നമുക്ക് പകർന്നു തന്നു.

നാം ക്രിസ്തുവിന്റെ പുനരുദ്ധാന ജീവിതത്തിലേക്ക് കടന്നു വരുന്നു എന്ന നിലയിൽ - വിശ്വാസത്താൽ നമ്മോടുകൂടെയിരുന്ന് നാം അവിടുത്തെ കൂട്ടായ്മയിൽ പങ്കുകാരായി, അവർ ദൈവത്തിൽ നിത്യം വസിച്ച്, ആത്മാവിനാൽ നമ്മെ നിറച്ച്, നാം ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത നിലയിൽ നമ്മിൽ പ്രവർത്തിക്കുന്നു.

കർത്താവായ യേശു ക്രിസ്തുവിന് പിതാവിൽ താൻ സമ്പൂർണ്ണമായി ജീവിതത്തിന്റെ എല്ലാ വേളയിലും ആശ്രയിക്കുന്നതുകൊണ്ട് ഈ ദിവ്യ അനുഭവങ്ങളെ കിട്ടി, തന്റെ മരണത്തോളം, ക്രൂശിലെ മരണത്തോളം താൻ പിതാവിൽ ആശ്രയിച്ചു. യേശുവിന് കിട്ടിയ ജീവിതം പൂർണ്ണമഹത്വത്തോടെ തന്റെ പരിശുദ്ധാത്മാവിനെ പകർന്നു നൽകി, ദൈവത്തെ മാത്രം അനുസരിക്കുമാറ് സമർപ്പണവും ഉള്ളവനായിത്തീർന്നു, അതെ, കല്ലറയിലും, ദൈവത്തെ കൂടാതെ തന്റെ ശക്തിയെ താൻ ഉപയോഗിച്ചിട്ടില്ല. യേശു തന്റെ മഹത്വത്തോട് എന്നിലും നിങ്ങളിലും ജീവിക്കുന്നു. അവിടുത്തെ തിരുമുമ്പിൽ നമ്മെ താഴ്ത്തി ഏല്പിക്കരുതോ?

സഭ തങ്ങളെത്തന്നെ താഴ്ത്തി തന്റെ മുമ്പാകെ പൊടിയിൽ വീഴുന്നതുവരെ, എന്തെങ്കിലും ഒരു പുതിയ പ്രവൃത്തക്കായി ഏല്പിച്ചു കാത്തിരിക്കുന്നതുവരെ, ചില അത്ഭുതങ്ങൾ, ചില പ്രകൃത്യാതീത സംഭവങ്ങൾ, ചില ഉയർച്ചകൾ ഉണ്ടാകുംവരെ, താണിരുന്ന് ലോകത്തെ ജയിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. സഭകളിൽ ശീതോഷ്ണാവസ്ഥയും, ലോകമയത്വവും, അനുസരണക്കേടും പാപവും കൊണ്ട് മലിനമായിരിക്കുന്നു. എങ്ങനെ നമുക്ക് ഈ യുദ്ധത്തിൽ പോരാടി കഷ്ടതകളെ തരണം ചെയ്യാൻ കഴിയും? ഉത്തരം ഇതാണ്. ക്രിസ്തു, ഉയിർത്തെഴുന്നേറ്റവൻ, കിരീടധാരിയായവൻ സർവ്വശക്തനായവൻ വന്ന് വ്യക്തിപരമായി നമ്മിൽ ജീവിക്കേണം. എന്നാൽ, അവിടുത്തോടുകൂടെ മരിക്കാൻ തയ്യാറാകാതെ നമുക്ക് പ്രതീക്ഷിക്കാൻ കഴിയുകയില്ല. അവിടുത്തെ പ്രവർത്തിക്കായി കാത്തിരിക്കുവാൻ അവിടുന്ന് നമ്മെ പഠിപ്പിക്കട്ടെ, അവിടുന്ന് നമ്മിൽ പ്രവർത്തിക്കട്ടെ. കർത്താവ് നമ്മിൽ ജീവിച്ച് അവിടുത്തെ പ്രവൃത്തി ചെയ്യുമാറാകട്ടെ. ❖

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

"നിങ്ങളുടെ ദൈവമായ യഹോവയെത്തന്നെ സ്നേഹിപ്പിൻ. എന്നാൽ അവൻ നിന്റെ അപ്പത്തെയും വെള്ളത്തെയും അനുഗ്രഹിക്കും. ഞാൻ രോഗങ്ങളെനിന്റെ നടുവിൽ നിന്ന് അകറ്റിക്കളയും ഗർഭം അലസുന്നവളും മച്ചിയും നിന്റെ ദേശത്ത് ഉണ്ടാകയില്ല. നിന്റെ ആയിഷ്ക്കാലം ഞാൻ പൂർത്തിയാക്കും. എന്റെ ഭീതിയെ ഞാൻ നിന്റെ മുമ്പിൽ അയച്ചു നീ ചെല്ലുന്നേടത്തുള്ള ജാതികളെയൊക്കെയും അമ്പരിപ്പിക്കയും നിന്റെ സകല ശത്രുക്കളെയും നിന്റെ മുമ്പിൽ നിന്ന് ഓടിക്കയും ചെയ്യും " (പുറ. 23:25-27)).

2024 മാർച്ച് മാസം നമ്മെ വിട്ട് കടന്നു പോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

സന്തോഷം നിറഞ്ഞ കുടുംബമാണ് ജീവിതത്തിലെ ഏറ്റവും വലിയ ദാനം. നിങ്ങൾ ദൈവത്തിൽ ആശ്രയിക്കയും ദൈവം പറഞ്ഞത് അനുസരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ എല്ലാ ആശ്യങ്ങളും സമൃദ്ധമായി ചൊരിഞ്ഞു തരുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. നിങ്ങളുടെ പരീക്ഷകളിൽ നിങ്ങളുടെ വിശ്വാസം നിങ്ങളെ വിജയിപ്പിക്കും. നിങ്ങളുടെ കൂടാരം തഴെക്കും. നിങ്ങളുടെ കുടുംബം അഭിവൃദ്ധിപ്പെടും. നിങ്ങളുടെ സാക്ഷ്യത്തിലൂടെയും ഉദാരതയിലൂടെയും നിങ്ങൾ അനേക ജീവിതങ്ങളെ പോഷിപ്പിക്കും.

നമ്മുടെ കഷ്ടതകളിൽ മനുഷ്യർ മാറിപ്പോകാം. കണ്ടിട്ട് കണ്ടില്ലെന്നു നടിച്ചേക്കാം. ദൈവം നമ്മെ കാണുകയും അറിയുകയും ചെയ്യുന്നതുപോലെ നമുക്ക് ചുറ്റുമുള്ളവരെ കാണാനുള്ള കണ്ണും തിരിച്ചറിയാനുള്ള ഹൃദയവും നമുക്ക് ഉണ്ടാകട്ടെ.

നിശ്ചയമായും കർത്താവ് ഉത്തരം അയയ്ക്കും. നിങ്ങളുടെ അനുഗ്രഹങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയോ കൈവിടുകയോ ചെയ്യരുത്. നിങ്ങളുടെ പിതാവിൽ നിന്നും ഒരു അത്ഭുതം പ്രതീക്ഷിക്കുക. അതിനായി ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

സിംഹാസനവും അനുദിന നടപ്പും

By F.J.Huegel

സഭകളിലും വിശ്വാസികളുടെയിടയിലും പൊതുവായി നിലവിലുള്ള ചില അബദ്ധധാരണകളുണ്ട്. വിശ്വാസികളുടെ നടപ്പ് സംബന്ധിച്ച് ദൈവമക്കൾ ദൈവസന്നിധിയിൽ അടുത്തുവരുന്നതും ദൈവവുമായുള്ള കൂട്ടായ്മയും സംബന്ധിച്ചും. എന്നാൽ അതല്ല കാര്യം. ആദ്യം ദൈവസന്നിധിയിലേക്ക് വരുമ്പോൾ താൻ ചെയ്തത്. ഒരു നിമിഷത്തേയ്ക്ക് മാത്രമല്ല. കർത്താവായ യേശു ക്രിസ്തു നമുക്കു വേണ്ടി ചെയ്തത്. അത് മഹത്വകരമാണ്, അത് പൂർത്തീകരിക്കപ്പെട്ടും, ദൈവത്തിന്റെ അതിപരിശുദ്ധസ്ഥലത്തേയ്ക്ക് പാവപ്പെട്ടവരായ പാപികൾക്ക് ധൈര്യത്തോടെ പ്രവേശിപ്പാനുള്ള പുതു വഴി തുറന്ന് തന്നു. വിശുദ്ധ തിരുവെഴുത്തുകളിൽ എഴുതിയിരുന്നതിന്റെ നിവർത്തിയാണിത്. തനിക്ക് പ്രിയനായവനിൽ നമുക്ക് അംഗീകാരം നല്കപ്പെട്ടിരിക്കുന്നു എന്ന കാര്യം ഒരിക്കലും മറക്കുവാൻ പാടില്ല.

ഇത് പൊതുവായി നാം മനസിലാക്കിയിരിക്കുന്ന വസ്തുതയാണ്. എന്നാൽ ഇത് ഒരു പരാജയമാണെന്ന് തോന്നും, എന്നാൽ ആദ്യം മുതൽ അവസാനം വരെ നിയന്ത്രിക്കുന്ന ഒരു പ്രധാന തത്വമാണിത്. ഇത് എപ്പോഴും കൃപയാലാണ്. പത്രൊസ് ഇങ്ങനെ പറയുന്നു; "ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ. തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു". (2പത്രൊ. 1:2-4).

എനിക്ക് എന്താണ് നേട്ടം. സിംഹാസനത്തിനായിട്ടല്ല വിശ്വാസികൾ നടക്കുന്നത്. കടകവിരുദ്ധമായ സംഗതിയാണിത്. അവന്റെ നടപ്പ് തീരുമാനിക്കുന്നത് ദൈവത്തിന്റെ നിറവുകളിൽ ആശ്രയിച്ചാണ്, ധാർമ്മിക മുൻഗണന ആവശ്യപ്പെടുന്നു, കർത്താവിന്റെ അളവറ്റ പദവിയിൽ നമ്മെ എത്തിക്കുന്നു. തന്നോടൊന്നിച്ച് സ്വർഗ്ഗസ്ഥലങ്ങളിലിരുത്താൻ വേണ്ടി, നമ്മെ സ്വീകരിച്ച് അളവറ്റ കൃപയും നീതിവരങ്ങളും പകർന്ന്, യേശു നമ്മുടെ ഹൃദയങ്ങളിൽ വാഴേണ്ടതിനും തന്നെ". (റോമർ 5:17).

നാം നടക്കുന്നത് രാജാവിനെപ്പോലെയാണ്, കാരണം നാം രാജാക്കന്മാരാണ്. രാജാക്കന്മാരെപ്പോലെ നടക്കാനായിട്ടാണ് നമ്മെ വിളിച്ചിരിക്കുന്നത്. തന്റെ സിംഹാസനത്തിൽ നമ്മെ ഇരുത്തുമായിരിക്കും. ദൈവത്തിന്റെ വ്യത്യാസമാണ്. വിശ്വാസി സിംഹാസനത്തിൽ നിന്നും ആരംഭിക്കുന്നു. നമ്മുടെ രാജകീയ മഹത്വം കർത്താവിന്റെ വാഴ്ത്തപ്പെട്ട പദവിയിൽ നിന്നും ലഭിക്കുന്നു. നമ്മുടെ നഷ്ടങ്ങളും വേദനകളും നമ്മുടെ ജീവിതത്തിൽ തടസങ്ങളായിട്ട് പോരാടുമ്പോൾ, നമ്മുടെ ലജ്ജാകാരണമായ തോൽവികളും പൗലൊസിന്റെ ജീവിതത്തിൽ കാണുന്നതുപോലെ റോമാലേഖനം ഏഴാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. സ്വതവേയും അനിവാര്യമായതുമായതും അതിനെ ഉൾക്കൊള്ളുന്നതിൽ പരാജിതരുമായി, നമ്മുടെ സ്ഥാനമാനങ്ങളെക്കാൾ നമ്മുടെ ഇടപെടലുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

പർവ്വത പ്രസംഗ നിരാശയിലേക്ക് നടത്തുന്നു. അതിന്റെ ചിന്താഗതികൾ മനുഷ്യന് എത്തിപ്പിടിക്കാവുന്നതിലും അധികമാണ്. പർവ്വത പ്രസംഗത്തിൽ പറയുന്നപ്രകാരം വാചാലമായി സംസാരിക്കുന്നത് ഒരു തട്ടി

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

സിംഹാസനവും അനുദിന നടപ്പും

പ്പാണ് എന്ന് രഹസ്യമായി അറിയുന്നു. ശത്രുക്കളെ സ്നേഹിക്കുന്നതിനെ ക്കുറിച്ച് സംസാരിക്കുക, നമ്മുടെ കൂട്ടുവിശ്വാസികളെ ഇല്ലായ്മയാക്കുവാൻ ശ്രമിക്കുമ്പോൾ തന്നെ. ക്രിസ് തീയ വേലക്കാർ തന്നെ പക യും അസൂയയും നിറഞ്ഞ് അന്യോന്യം വെറുപ്പു വെച്ചുപുലർത്തുന്നു.

എന്നാൽ പിന്നെ എന്തുകൊണ്ടാണ് യേശു അത്തരത്തിലുള്ള ഉപദേശം നല്കിയത്? ഉത്തരം ഇതാണ്, യേശുക്രിസ്തു പറഞ്ഞതും ചെയ്തതും തന്റെ കാഴ്ചപ്പാടിലൂടെയുള്ള വീണ്ടെടുപ്പിൻ വേലയാണ്, അതിലൂടെ തന്റെ പരമമായ ഉദ്ദേശം നിറവേറ്റുക എന്നതാണ്. ക്രൂശ തന്റെ മുമ്പിൽ എപ്പോഴും ഉണ്ടായിരുന്നു. ഒഴിഞ്ഞ കല്ലറ എന്നത് തന്റെ ശുശ്രൂഷയിലെ അവ്യക്തമായ ശബ്ദം ആയിരുന്നില്ല. "ഈ മന്ദിരം പൊളിപ്പിൻ ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും" (യോഹ. 2:19). രാജ്യത്തിന്റെ പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നു വയ്ക്കുവാനല്ല അവിടുന്ന് വന്നത്. അവിടുത്തെ ക്രൂശ് പഴയ ഒരു നിയമത്തിന്റെ ഒരു പ്രതിഫലം ആയിരുന്നു, രക്ഷകൻ അതു പറഞ്ഞു, "മാംസം ഒന്നിനും ഉപകരിക്കുന്നില്ല" (യോഹ. 6:63).

അവിടുന്ന് മാളിക മുറിയിൽ വച്ച് ഇത് പറഞ്ഞു, "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിക്കയില്ല" (യോഹ.15:5). "..... ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല" (യോഹ. 16:7). ഇതു മനസിൽ കരുതികൊൾക, പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു. പരിശുദ്ധാത്മാവ് യേശുവിനെക്കുറിച്ച് വിശ്വാസികൾക്ക് വെളിപ്പെടുത്തുന്നു. ഈ അത്യത്ഭുതകരമായ കാര്യങ്ങൾ പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് വെളിപ്പെടുത്തുന്നു. കർത്താവ് ക്രൂശിൽ മരിച്ചു, വിശ്വാസിയും അവിടുത്തോടുകൂടെ മരിച്ചു, ക്രിസ്തു അടക്കപ്പെട്ടപ്പോൾ, വിശ്വാസി അവിടത്തോടുകൂടെ ഉയിർത്തെഴുന്നേറ്റു; ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ വിശ്വാസിയും സ്വർഗ്ഗാരോഹണം ചെയ്തു. ഒടുവിൽ പിതാവിന്റെ വലത്തുഭാഗത്തു ക്രിസ്തു ഇരുന്നപ്പോൾ വിശ്വാസിയും അവിടത്തോടുകൂടെ ഇരുത്തപ്പെട്ടു.

ഈ പദവിയിൽ ഇരുന്നുകൊണ്ട് വിശ്വാസി തന്റെ രക്ഷകന്റെ മഹത്വത്തെ വർണ്ണിക്കുക മാത്രമല്ല, അവിടുത്തെ പ്രകൃതിയെയും വർണ്ണിക്കുകയാണ്. ഏറെ നാളായ് കാത്തിരുന്ന പദവിയിലേക്ക് അവൻ പ്രവേശിക്കുകയാണ്. അവന്റെ കർത്താവും ദൈവവുമായവൻ പഠിപ്പിച്ച വഴിയിൽ അവൻ ധീരതയോടെ നടക്കുകയാണ്. പർവ്വത പ്രസംഗം ഇപ്പോൾ അവിടുത്തെ രക്തത്തിൽ ഒഴുകുകയാണ്. ക്രിസ്തു നടന്നതുപോലെ അവൻ നടന്നു, അവന്റെ ജീവിതം തന്നെ ക്രിസ്തുവിന് അർപ്പിച്ചുള്ളതാണ്. അവന്റെ പദവിയിൽ നിന്നും അവൻ പ്രവർത്തിക്കുന്നു. സിംഹാസനം.

പഴയ ജീവിതം ഇവിടെ തലപൊക്കുമോ; സാദ്ധ്യതയുണ്ട്, വേദനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളുമായ്, വിശ്വാസത്തിന്റെ ജീവിതത്തിന്റെ കാവൽ നിഷേധിക്കുമ്പോൾ, ശത്രുവിന് ഇടം കൊടുക്കുമ്പോൾ, ഒരു പരിഹാരം ആവശ്യമാണ്. വേഗത്തിൽ ക്രൂശിലേക്കുള്ള മടങ്ങിവരവും, അതു വെറും വിശുദ്ധീകരണം മാത്രമല്ല, വീണ്ടെടുപ്പുകാരന്റെ മരണപുനരുദ്ധാനവും മൂലമുള്ള അവകാശവും ലഭിക്കുന്നു. വിശ്വാസിക്ക് തന്റെ ഉയിർത്തെഴുന്നേറ്റ കർത്താവുമായുള്ള കൂട്ടായ്മയ്ക്ക് വ്യത്യാസം വരുന്നില്ല. കൂട്ടായ്മക്ക് വ്യത്യാസമുണ്ടായേക്കാം, എന്നാൽ ബന്ധത്തിന് വ്യത്യാസമില്ല.

വിശ്വാസിക്ക് ഇങ്ങനെ പറയാൻ കഴിയും, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത് " (ഗലാ. 2:20).

❖

ഇരിക്കുക പിന്നെ നടക്കുക

By F.J.Huegel

ഒരു ക്രിസ്ത്യാനി ആദ്യമായി തന്റെ കർത്താവായ ക്രിസ്തുവിന്റെ മരണപുനരുദ്ധാനങ്ങളിൽ പങ്കുകാരാകണം, നമ്മുടെ ഉയിർത്തെഴുന്നേറ്റ വീണ്ടെടുപ്പുകാരനോടുകൂടെ ഇരുത്തുമാറാക്കുന്ന അനുഭവം യാഥാർത്ഥ്യമാകണം. ഒരു ദൈവപൈതൽ എന്ന നിലയിൽ തന്റെ ദിവ്യ സ്വഭാവത്തിന് ഒത്തവണ്ണം നാം നടക്കണം. ഇതിനനുരൂപമായി ഒരു സംഭവം പൗലൊസിന്റെ ലേഖനത്തിലുണ്ട്. നിങ്ങളുടെ നടപ്പ് അനുസരിച്ച് അരുത്. എന്നാൽ എത്തിച്ചേരും. ഇത് എല്ലായ്പ്പോഴും നിങ്ങൾ എത്തിച്ചേർന്നു, അതുകൊണ്ട് സ്നേഹത്തിൽ നടപ്പിൻ.

ആദ്യം - ദൈവം എവിടെ നിങ്ങളെ നിർത്തിയിരിക്കുന്നു എന്ന് ബോദ്ധ്യപ്പെടണം, പേരിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ സന്തോഷിപ്പിൻ, അതെ, അവൻ സന്തോഷിക്കട്ടെ. അതിന്റെ പരിണതഫലം എന്നത് നമ്മുടെ കുടുംബത്തിന്റെ മുദ്രയാണ്. നിങ്ങൾ ഒരു രാജാവെന്ന നിലയിൽ പെരുമാറുക, കർത്താവിന്റെ രാജത്വം മറ്റുള്ളവർക്ക് പങ്കിടുക, എന്നിട്ട് നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യവും രാജാവിനെപ്പോലെ ചെയ്യുക, സ്വർഗ്ഗീയ അധികാരത്തിൽ ചെയ്യുക.

കൊലൊസ്യരെ ശ്രദ്ധിക്കുക. ആദ്യമായി, പൗലൊസ് തന്റെ ലേഖനത്തിൽ പറയുന്നതുപോലെ, ഇതാണ് ഉപദേശം പിന്നെ അനുഭവമാക്കുക. തന്റെ പദവിയിൽ നിന്നും പ്രഖ്യാപിക്കപ്പെട്ട വലിയ കാര്യങ്ങളിൽ ക്രിസ്തീയ നടപ്പിന്റെ കാര്യം പറയുന്നില്ല.

"അവൻ അന്ധാകരത്തിന്റെ ശക്തിയിൽ നിന്നും വിടുവിക്കപ്പെട്ട് പുത്രന്റെ രാജ്യത്തിലാക്കിയിരിക്കുന്നു" (കൊലൊ. 1:13).

"വിശുദ്ധന്മാരുടെ അവകാശങ്ങൾക്ക് ഓഹരിക്കാരനായി ആക്കി വച്ചിരിക്കുന്നു" (1:12).

രക്തത്താൽ അവനെ വീണ്ടെടുത്ത് പാപമോചനത്തിന്റെ ഉറപ്പ് നൽകിയിരിക്കുന്നു (1:14).

(ശേഷം 8-ാം പേജിൽ)

ജോൺ ഫ്ളച്ചർ: ദൈവത്തോടു കൂടെ നടന്ന ഒരു മനുഷ്യൻ

ജോൺ ഫ്ളച്ചർ ഒരു ആധുനിക നിക്കോദിമോസ് ആയിരുന്നു. നല്ല ധാർമ്മിക ജീവിതം നയിച്ചിരുന്നു. തന്റെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവഭക്തി കാത്തു സൂക്ഷിച്ചിരുന്നു. സ്വിറ്റ്സർലണ്ടിൽ 1729-ൽ ജനിച്ചു, ഏഴാമത്തെ വയസ്സിൽ തന്നെ ദൈവഭക്തി തന്റെ ജീവിതത്തിൽ ആരംഭിച്ചു. സ്വതവേ ഒരു ദൈവഭക്തിയുള്ള ജീവിതം, തെറ്റില്ലാത്ത ഒരു ജീവിതം നയിച്ചിരുന്നു. ചെറുപ്രായത്തിൽ താൻ സുവിശേഷം അറിയിക്കുന്നതിൽ താല്പര്യമുള്ളവനായി ദൈവത്തിന് കൊള്ളാകുന്നതവനായി ജീവിച്ചു. ജനീവയിലെ തന്റെ വിദ്യാഭ്യാസ കാലത്ത്, അവൻ മതപരമായ കാര്യങ്ങളെക്കുറിച്ചു പുസ്തകം എഴുതി, രക്ഷയെക്കുറിച്ചുള്ള പുസ്തകങ്ങളും എഴുതിയത് അത്ഭുതകരമായിരുന്നു. താൻ എത്ര കുരുടൻ ആയിരിക്കുന്നു എന്ന് താൻ മനസിലാക്കി.

ഇംഗ്ലണ്ടിലേക്കു താൻ യാത്രയായി, അവിടെ വച്ച് മെതഡിസ്റ്റ്കാരുമായി പരിചയപ്പെട്ടു, അങ്ങനെ താൻ മാനസാന്തരപ്പെട്ടു. അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിയ ആൾ പറയുന്നത്, തന്റെ മാനസാന്തരം ഒരു യഥാർത്ഥ മാനസാന്തരമായിരുന്നു. അത് തന്റെ മാനസിക മണ്ഡലത്തെ മാത്രമല്ല തന്റെ സ്വഭാവത്തെയും വെളിപ്പെടുത്തി. കർത്താവിൽ തന്റെ രക്ഷകനെ കണ്ടെത്തി, ഒരു വഴി കാട്ടിയായി അവിടുത്തെ ഏറ്റുകൊള്ളുവാൻ അവൻ തീരുമാനിച്ചു, തന്റെ അചഞ്ചലമായ വിശ്വാസം തന്റെ മനസിൽ രൂപപ്പെട്ട് അതിന് വിഘാതമായി നില്ക്കുന്ന എല്ലാറ്റെയും പുറകിൽ തള്ളി സുവിശേഷം അറിയിക്കുവാനുള്ള തന്റെ അതിയായ ആഗ്രഹം, തന്റെ അഭിരുചിക്കനുസരിച്ചുള്ള യാത്ര തുടർന്നു, കൃപയിൽ വളരണം, തന്റെ രക്ഷകനും ദൈവവുമായ കർത്താവിന്റെ ഉപദേശം മുറുകെ പിടിക്കണം.

ക്രിസ്തുവിൽ തന്റെ ജീവിതം

" ജോൺ ഫ്ളച്ചർ" , അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ പറയുന്നു, " പഠിത്തത്തിന് സമയം വേർതിരിച്ചു, ധ്യാനത്തിനും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്തി, ദൈവത്തോടു ചേർന്നു നടന്നു. നിശ്ചയമായും, തന്റെ ജീവിതം മുഴുവനായും ഒരു പ്രാർത്ഥനാ ജീവിതമായിരുന്നു, തന്റെ മനസ്സ് ദൈവത്തോടു പറ്റിച്ചേർന്നു, ചിലപ്പോൾ അദ്ദേഹം പറഞ്ഞു, " ദൈവത്തെ എന്റെ ചുമലിലേറ്റാതെ എനിക്കു ചലിക്കാൻ കഴിയുകയില്ല. അത് തന്റെ ആദ്യ തീരുമാനമായിരുന്നു. " ഞാൻ പ്രാർത്ഥനയ്ക്കായി അങ്ങയുടെ അടുക്കൽ വരട്ടേ. സന്നിഹിതനല്ലാത്ത ഒരുവനെക്കുറിച്ച് പറഞ്ഞാൽ തന്റെ പ്രതികരണം ഇതായിരിക്കും. നമുക്ക് അദ്ദേഹത്തിനായി പ്രാർത്ഥിക്കാം".

തന്റെ ഡയറികളിലും എഴുത്തുകളിൽ നിന്നുമുള്ള ഉദ്ധരണികൾ പലതും ഈ കാലത്തെ ശുശ്രൂഷയിൽ പലപ്പോഴും പ്രയോജനപ്രദമാണ്. ദൈവത്തിന് സ്തോത്രം, ഞാൻ പല കാര്യങ്ങളിലും എന്റെ ഹൃദയം ഭാരപ്പെടുന്നു. ജീവിക്കാൻ വേണ്ടി എനിക്ക് ധാരാളം ഉണ്ട്, കുറച്ചു മത്രം മതി എന്നിരിക്കെ. ഞാൻ ക്ഷീണത്താൽ സമൃദ്ധനായിരിക്കുന്നു. എന്റെ രക്ഷകനുവേണ്ടി പാവപ്പെട്ടവനവായിരിക്കുവാനാണ് എനിക്കിഷ്ടം".

കടൽ പോലെ സമൃദ്ധമായ വിശുദ്ധിയുടെ നിറവിലേയ്ക്ക് നമ്മെ നടത്താം. ദൈവകരുണയുടെ ആഴങ്ങൾക്കായി നമുക്കു വാഞ്ചിക്കാം; ഇതു പോലുള്ള പ്രയത്നങ്ങളുടെ അസാദ്ധ്യതകളെപ്പറ്റി ബോദ്ധ്യപ്പെടുത്താം, നമുക്കു ദൈവത്താൽ അതിൽ ഭാഗഭാക്കാവാം. ദൈവത്തിൽ അത്യധികമായി സന്തോഷിക്കാം. സന്തോഷത്തിന്റെ ആധിക്യം അതി ദു:ഖത്തിന്റെ അതിരിങ്കലാണ്, കരണം അതിൽ ഒരു മടങ്ങി വരവ് ഇല്ല.

" ..... ഞാൻ കർത്താവായ യേശുവിന്റെ മുമ്പിൽ നിങ്ങളെ നിർത്തുന്നു, അവിടുന്ന് നിങ്ങൾക്ക് ജീവൻ നല്കുന്നു, സമൃദ്ധിയായ ജീവൻ നൽകുന്നു. വിശ്വാസത്തിന്റെ എല്ലാ പ്രവൃത്തികളാലും ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു, പ്രത്യാശയുടെ എല്ലാ പ്രവർത്തിയും നിങ്ങൾ അനുഭവിക്കുന്ന സ്നേഹം, അനുതപിച്ച് സ്വയ സമർപ്പണത്തിന്റെ ആഴങ്ങളിലേക്ക് മുങ്ങുക, ക്രിസ്തു ഒരുക്കുന്ന ഉയരങ്ങളിലെ സന്തോഷങ്ങളിലേക്ക് കരേറുക".

മഡേലിയിലെ ശുശ്രൂഷ

ഇംഗ്ലണ്ടിലെ മഡേലിയിൽ അദ്ദേഹം പാസ്റ്ററായിരുന്നു. പ്രത്യേകതകളുള്ള ശുശ്രൂഷയായിരുന്നു, എപ്പോഴും നിത്യതയെക്കുറിച്ച് വെളിപ്പെടുത്തി.

ഈ സ്ഥലത്ത് ശബ്ബത്ത് എന്നത് പ്രാപഞ്ചികമായിരുന്നു, വിശുദ്ധ കാര്യങ്ങൾ നിന്ദിക്കപ്പെടുക കൊണ്ട് ചവിട്ടിമെതിക്കുന്ന അനുഭവമായിരുന്നു; അച്ചടക്ക നിയന്ത്രണം പരക്കെ ലംഘിക്കപ്പെട്ടു, മതപരമായ ചടങ്ങുകളൊക്കെ പരിഹാസവിഷയമായി. ഇങ്ങനെയുള്ള ഒരു സ്ഥലത്താണ് ഫ്ളച്ചർ വിളിക്കപ്പെട്ട് ഒരു നീതിയും പ്രസംഗിയായി എത്തിയത്. അവിടെയാണ് അദ്ദേഹം ഇരുപത്തിയഞ്ച് വർഷങ്ങൾ കത്തിയെരിഞ്ഞു പ്രകാശം പരത്തിയത്.

" സത്യത്തിൽ ദൈവത്തിന്റെ കൃപയ്ക്കു മെതിരെ നിന്നവർക്കെതിരെ തന്റെയും മുഖം ഒരു തീക്കല്ലുപോലെ തിരിച്ചുവച്ചു. അനേകവിധമായ ദൈവകൃപയുടെ കാവൽക്കാരനായി അദ്ദേഹം നിന്നു. ജീവന്റെ വചനം വിശ്വസ്തമായി ഓരോ മനുഷ്യനും ആവശ്യമായ നിലയിൽ പറഞ്ഞു കൊടുത്തു. അനുസരണക്കേടുകളെ ശാസിച്ചു, മറുത്തു പറയുന്നവരോട് വാദിച്ചു, അധാർമ്മികതകളെ പ്രബോധിപ്പിച്ചു. വഴങ്ങാത്തവരെ തർജ്ജനം ചെയ്തു. സമയത്തും അസമയത്തും ഒരുങ്ങി നിന്നു, ഒരു സുവിശേഷകന്റെ വേല ചെയ്തു. സമയത്തും അസമയത്തും ഒരുങ്ങി നിന്നു, ഒരു സുവിശേഷകന്റെ വേല നന്നായി ചെയ്തു, സുവിശേഷം പറയുവാൻ കിട്ടിയ അവസരങ്ങൾ ഒന്നും നഷ്ടമാക്കിയില്ല. ചെറിയ കൂട്ടങ്ങളായി ജനത്തെ കൂട്ടി വരുത്തി, അത് മിക്കവാറും സന്ധ്യാസമയങ്ങളിലായിരുന്നു, സന്തോഷത്തോടുകൂടെ ദൈവവചനം അവരോട് പറഞ്ഞു, പലപ്പോഴും അത് ആരാധന സ്ഥലങ്ങളിൽ നിന്നും അകലെയായിരുന്നു, ഒരു വീട്ടിലായിരിക്കാം, പൊതു സ്ഥലത്തായിരിക്കും.

" ഒരു സൂക്ഷ്മതയുള്ള പാസ്റ്ററായി, അവരുടെ ആവശ്യത്തിനും മനോഭാവ

(ശേഷം 7-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ജോൺ ഫ്ളച്ചർ:.....

ത്തിനും അനുസരിച്ച് ദൈവ സന്നിധിയിൽ നിന്നും ജിജ്ഞാസയയോടെ അവരുടെ കുടുംബാംഗങ്ങളെ കരുതിയിരുന്നു, സൂക്ഷമമായി അവരെ ദൈവവചനം പഠിപ്പിച്ചു കൊണ്ട് വീട്ടിൽ നിന്നും വീട്ടിലേക്ക് പോയി. ജനം അനുസരണമുള്ളവരായി നടന്നു, തന്റെശ്രദ്ധ എപ്പോഴും തന്റെ ജനത്തിന്മേലുണ്ടായിരുന്നു, അനുസരണം കെട്ട ആടുകളോടും പ്രയോജനമില്ലാത്തവരെയും സ്നേഹത്തോടെ അണെച്ചു എല്ലാവരേയും ദൈവത്തിനായി നയിച്ചു.

ഇങ്ങനെയുള്ള വിശുദ്ധ സന്ദർശനങ്ങൾ അനേകരെ അനുതാപത്തിലേയ്ക്കും ദൈവഭക്തിയിലേക്കും നടത്തി. പ്രായമുള്ളവരും ചെറുപ്പക്കാരും ഒരുമിച്ചു കൂടി ദൈവസന്നിധിയിൽ ഒരുമിച്ചു കരഞ്ഞു, താഴ്മയോടെ ദൈവത്തിനായി നടക്കുവാൻ തീരുമാനിച്ചു.

" അവിടെ നിശ്ചയമായും ചില കുടുംബങ്ങൾ, അവരെ താൻ സ്വീകരിച്ചിരുന്നില്ല. അവരുടെ അംഗങ്ങൾ, അവർ പകലിലെക്കാൾ ഇരുട്ടിനെ സ്നേഹിച്ചു, അവർ കടന്നു വന്നില്ല, അവരുടെ ചിന്താഗതികൾക്ക് വ്യത്യാസം വന്നില്ല. ചില കാര്യങ്ങളിൽ, തന്റെ ശുശ്രൂഷകൾ ഫലപ്രദമായില്ല, താൻ അത് കണ്ടുപിടിച്ച് അവർക്കായി സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർക്കായി വാതിൽ തുറന്നിട്ട് ഇടവിടാതെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കരുണയുടെ വാതിൽ അടയ്ക്കാതെ അവർക്കായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

തന്നെ സന്ദർശിക്കുന്ന രോഗികൾക്കായി താൻ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു. ഇത് ഒരു പ്രവർത്തനം ആയിരുന്നു, വെസ്ലി പറഞ്ഞു. അതിനുവേണ്ടി താൻ എപ്പോഴും ഒരുക്കമായിരുന്നു. ഒരു തണുപ്പുള്ള രാത്രിയിൽ കതകിൽ മുട്ടുന്ന ഒരു ശബ്ദം താൻ കേട്ടു, ഒരു നിമിഷം തന്റെ വാതിൽ മലർക്കെ തുറന്നു. ഒരു മനുഷ്യൻ തന്നെ ഉപദ്രവിക്കുവാൻ വന്നതാണോ അതോ ഒരു അയൽവാസി മരിച്ചതാണോ, ഇരുട്ടിന്റെ മറവിൽ ഒന്നും വ്യക്തമാവുന്നില്ല, കാലാവസ്ഥയുടെ പ്രതികൂലം, എന്നാൽ ഈ മറുപടി എല്ലായ്പ്പോഴും ലഭിക്കും - ഞാൻ നിങ്ങളെ സഹായിക്കും, വേഗത്തിൽ".

ജോൺ ഫ്ളച്ചർ ഒരു നീതി പ്രസംഗിയായിരുന്നു, എന്നാൽ കരുണയുടെയും. തന്റെ വിളിയെ താൻ സംശയിച്ചു, കാരണം കുറുച്ചു ആളുകൾ മാത്രമുള്ള ഒരു ചെറിയ സമൂഹം അതെ ഒരിക്കൽ തനിക്ക് അബദ്ധംപറ്റിയോ എന്ന് സംശയിച്ചു. എന്നാൽ വർഷങ്ങൾ പിന്നിടുമ്പോൾ ആരാധനയ്ക്ക് കെട്ടിടം, മുറ്റത്തുപോലും ഇടമില്ലാതെ ആളുകൾ, ഭാഷകൾ, കലകൾ, ശാസ്ത്രങ്ങൾ, വ്യാകരണം, അലങ്കാര ശാസ്ത്രം, തർക്ക ശാസ്ത്രം, ദൈവവചനത്തോടുകൂടെ, സദാസമയം തന്റെ വിദ്യാർത്ഥികളോടുകൂടെ ആയിരുന്നു. തന്റെ മുഴുഹൃദയവുമായി അടങ്ങിയിരിക്കുവാൻ തന്നെ അനുവദിച്ചില്ല; അദ്ദേഹം സംസാരിക്കേണം, കർത്താവായ യേശുവിന്റെ ഒരു ശുശ്രൂഷക്കാരൻ എന്ന നിലയിൽ, ലാറ്റിൻ, ഗ്രീക്ക് ചരിത്രകാരന്മാർ, കവി തത്വജ്ഞാനി എന്ന നിലയിലും അദ്ദേഹം വ്യഖ്യാതനായിത്തീർന്നു. കണ്ണീരിൽ കുതിർന്ന് ഓരോ ഹൃദയത്തെയും സ്പർശിച്ച തീജ്വാല അത്യപൂർവ്വമായി കേട്ട ആ ശബ്ദം ആ അനുഗ്രഹിക്കപ്പെട്ട ആ ജീവിതം വിവിധ രംഗങ്ങളിൽ മിന്നിത്തിളങ്ങി.

ഇതു ഇപ്രകാരം ഉപസംഹരിക്കട്ടെ. സുവിശേഷം അറിയിക്കുന്നതിലുണ്ടായിരിക്കേണ്ടതായ പ്രധാന യോഗ്യത എന്നത് പരിശുദ്ധാത്മാവിനാൽ നിറയുക എന്നതാണ്, മറ്റേതൊരു യോഗ്യതകളെക്കാളുമുപരി (അതെല്ലാം ജീവിതത്തിലെ ശുശ്രൂഷയിൽ ആവശ്യമാണ്). സ്കൂളിൽ ക്ലാസ് മുറിയിൽ ആയിരിക്കുമ്പോഴും താൻ സംസാരിപ്പാനാഗ്രഹിച്ചത്, അനേകർ ഈ ആത്മനിറവിനുവേണ്ടി ദാഹത്തോടിരിക്കുന്നു, എന്നെ അനുഗമിച്ച എന്റെ മുറിയിലേക്ക് വരിക. ഈ കാര്യത്തിൽ ധാരാളം ആളുകൾ തന്റെഅടുക്കലേക്ക് ചെന്നു; അവിടെ രണ്ടോ മൂന്നോ മണിക്കൂറുകൾ യാക്കോബിനെപ്പോലെ മല്ലു പിടിക്കുന്നത് കാണാം, ഒന്നുമാറി ഒന്നുമാറി അനേക വിഷയങ്ങൾക്കുവേണ്ടി മുഴങ്കാലിന്മേൽ നിന്നും പ്രാർത്ഥിക്കുന്നതുകാണാം. ഇത് ഒന്നോ രണ്ടോ പ്രാവശ്യം കൊണ്ട് തീരുന്നതല്ല, അനേകം പ്രാവശ്യം മുഴങ്കാലിന്മേൽ നിന്നും പ്രാർത്ഥിക്കുക പതിവായിരുന്നു.

ദു:ഖത്തിന്റെ തീച്ചൂളയിൽ

ചില ആത്മീക സന്ദേശങ്ങളോടുകൂടെ ജോൺ ഫ്ളച്ചർ തന്നെ മാരകമായ രോഗത്തിന്റെ കാഠിന്യം വെളിപ്പെടുത്തി, താൻ ക്ഷയ രോഗത്തിന്റെ പിടിയിലായിരുന്നു. ദൈവം തന്റെ ദാസനെ യോഗ്യനായി കണ്ടു, എന്നാൽ അതികഠിനമായ രോഗത്തിന്റെ തീച്ചൂളയിൽ കൂടെ കടന്നുപോയി, തന്റെ പരമാവധി താൻ ദൈവത്തിനുവേണ്ടി അദ്ധ്വാനിച്ചു. തന്റെ എഴുത്തുകളിൽ നിന്നും എടുത്തു പറയേണ്ടുന്ന കാര്യം ഈ സമയം വളരെ പ്രധാനപ്പെട്ടത് എന്നാണ്.

" ജീവിതം വളരെ ചെറുതാണെന്ന് താൻ കാണുന്നു", അദ്ദേഹം എഴുതുന്നു, അത് വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നു, അധികം പ്രാർത്ഥനയ്ക്കായി നമ്മുടെ ജീവിതം നാം ചെലവഴിക്കണം, ഇതു അത്യാവശ്യമാണ്. കാരണം മനുഷ്യനു അനവധികാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്. പ്രധാന കാര്യം എന്നത്, കർത്താവിന്റെ വേലയ്ക്കായി നാം വൻ കാര്യങ്ങൾ ചെയ്യുക.

" എന്റെ കണ്ഠം പ്രസംഗിക്കുവാനുള്ള പരുവത്തിൽ ആയിരുന്നില്ല; കുറച്ചു പ്രസംഗങ്ങൾ മാത്രം ഞാൻ ചെയ്തു, അത് കത്തിജ്വലിക്കുന്നു. എഴുത്തിനായി എന്റെ സമയം ഞാൻ ചെലവഴിച്ചു, കുറച്ചു മാത്രം എഴുതി. ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിനായി ചെയ്യുവാൻ എനിക്ക് ഇടയായി.

" എന്നെ നയിക്കുവാൻ ദൈവകരങ്ങളിൽ ഏല്പിച്ചു യാചിക്കുന്നു നിന്റെ ആലോചനയാൽ എന്നെ നടത്തേണമേ അങ്ങയുടെ നാമത്തിനു വേണ്ടി പോകുവാൻ അവിടുത്തെ നാമത്തിന് പ്രയോജനമുള്ളവനായി കാക്കപ്പെടുവാൻ ഞാൻ എന്നെ ഏല്പിക്കുന്നു".

അതെ, എങ്ങനെ ജീവിതം നാം മുമ്പോട്ടു പോകുന്നു! ഞാൻ നടന്നു, നിത്യതയ്ക്കുവേണ്ടിയുള്ള കുതിപ്പാണ്. ജീവിതത്തിന്റെ തളിക അതിവേഗം താഴേക്ക്

(ശേഷം 7-ാംപേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ജോൺ ഫ്ളച്ചർ

പൊയ്ക്കൊണ്ടിരിക്കുന്നു. ബുദ്ധിയോടെ ആയിരിക്കാം. വിളക്ക് തെളിയിക്കാം. ഇതുവരെയും നമ്മെ കൊണ്ടുവന്ന ദൈവത്തിനായ് നമ്മെ ഏല്പിക്കാം. ഉള്ള ആയുസുവരെ”.

“ എന്താണ് നിങ്ങളുടെ ഹൃദയം, നിങ്ങളുടെ നാവ് ചെയ്യുന്നത്, അവർ സ്വീകരിച്ചിട്ടുണ്ടോ, മുദ്രയേറ്റിട്ടുണ്ടോ, നിങ്ങൾ ആയിരിക്കുന്ന മണ്ഡലത്തിൽ നിങ്ങൾ അറിഞ്ഞ സത്യത്തെ പറഞ്ഞിട്ടുണ്ടോ” ?

“ എന്റെ സഹോദരാ, ജാഗ്രതയായിരിക്ക, ലോകം, അത് നിങ്ങളെ യേശുക്രിസ്തുവിൽ നിന്നും അകറ്റുവാൻ തക്കവണ്ണം വഞ്ചിക്കരുത്. സമയം വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നു. വർഷങ്ങൾ വേഗത്തിൽ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു, സമാധാനം, യുദ്ധം, തിടുക്കത്തോടെ ആയിരിക്കാം. സമയത്തെ തക്കത്തിൽ ഉപയോഗിക്കാം, ക്രിസ്തുവിൽ മറഞ്ഞിരിക്കാം, സങ്കേതനഗരങ്ങളിൽ അഭയം പ്രാപിക്കാം, അവസാന ശത്രുവും പരാജയപ്പെടുന്നതുവരെ ക്രിസ്തുവിൽ മറഞ്ഞിരിക്കാം. ക്രിസ്തു പൂർണ്ണമായി അവനെ ജയിക്കും. ജയിക്കുന്ന നായകൻ നാമും സാത്താനെ പൂർണ്ണമായി ജയിക്കും.”

ഫ്ളച്ചർ രോഗിയായിരിക്കുമ്പോൾ തന്നെ സന്ദർശിക്കുന്ന വ്യക്തിയോട് ഇങ്ങനെ പറയും, “ ഞാൻ ഒരു മനുഷ്യനെ കാണാൻ പോയി കല്ലറയ്ക്ക് ഒരു മുഴം ദൂരമുണ്ടായിരുന്നു, എന്നാൽ ഞാൻ ഒരു മനുഷ്യനെ കണ്ടു, അവന് സ്വർഗ്ഗത്തിൽ ഒരു മുഴമുണ്ടായിരുന്നു”.

ഈ സമയം ഇടവകക്കാർക്ക് താൻ എഴുതിയ എഴുത്തിൽ വിലയേറിയതായ കുറിപ്പുകൾ ഉണ്ടായിരുന്ന ജീവചരിത്രകാരന്മാർ ഇപ്രകാരം എഴുതിയിരുന്നു.

കല്ലറയ്ക്കരികിൽ നില്ക്കുമ്പോൾ എന്റെ കാലുകൽ ഇടറുന്നു, എനിക്കു മുമ്പേ നിങ്ങളിൽ ചിലർ എനിക്കു മുമ്പേ അതിൽ കടക്കും എന്ന് തോന്നുന്നു. അതുകൊണ്ട് നമുക്കു ഉറക്കത്തിൽ നിന്നും ഉണരാം; ഒരു മാറ്റത്തിനായി ഒരുങ്ങാം, വിശ്രമമില്ലാതെ സുവിശേഷ മേന്താം, ഒരു വലിയ വ്യത്യാസം ഉണ്ടാകും, അതിൽ സന്തോഷിക്കാം. ഇതോടുള്ള ബന്ധത്തിൽ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്.

കർത്താവിന്റെ ദീർഘക്ഷമ നമ്മെ മാനസാന്തരത്തിലേക്ക് നടത്തുമാറാകട്ടെ. നമ്മുടെ പാപം ക്ഷമിക്കട്ടെ, യേശുക്രിസ്തുവിനെ ആലിംഗനം ചെയ്യാം, ഗത്ശമനേയിൽ അവിടുത്തെ രക്തം വിയർപ്പു തുള്ളിപോലൊഴുകി, കാൽവരി ക്രൂശിൽ തൂങ്ങി, നമുക്കുവേണ്ടി മദ്ധ്യസ്ഥം ചെയ്തു ജീവിക്കുന്നു. എന്റെ പ്രീയസഹോദരങ്ങളേ, പുരുഷന്മാരേ വിശ്വാസികളേ, നാം കാണുന്നില്ല, ആ മഹാദിവസത്തിൽ, നിങ്ങളുടെ പാപങ്ങളിൽ, അവിശ്വാസം മുഖാന്തരം ശത്രുക്കളായി, പ്രവൃത്തികളാൽ അനുസരണം കെട്ടവരായിത്തീർന്നു. രക്ഷയുടെ വസ്ത്രധാരികളായി നാം കണ്ടുമുട്ടും, ക്രിസ്തുവിന്റെ വിശേഷ വസ്ത്രധാരികളായി, വെള്ളയുടുപ്പുധരിച്ചവരായി, ദൈവത്തിന്റെ വിശുദ്ധിയിൽ - വിശുദ്ധിയില്ലാതെ ആരും ദൈവത്തെ കാണുകയില്ല. സമയം വേഗത്തിൽ കടന്നുപോകുന്നു, ചിലർ ഇന്നും പാപത്തിൽ ജീവിക്കുന്നു. മാനസാന്തരത്താൽ നമ്മുടെ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞ് കളഞ്ഞു, കർത്താവായ യേശുവിനേയും അവിടുത്തെ നീതിയേയും ധരിക്കാം. എല്ലാ ദുഷ്ടതയും നീങ്ങിപ്പോകട്ടെ, എന്നേയ്ക്കുമായി അതുപോകട്ടെ, ഒരു പുതുജീവിതം ആരംഭിക്കാം, ദൈവത്തോടുള്ള പ്രാർത്ഥനയുടെ ജീവിതം അയൽവാസികളെ സ്നേഹിക്കുന്ന അതുല്യ സ്നേഹം.

“ എന്തു മഹത്വം! ദൈവം നമ്മുടെ സൂര്യനും നമ്മുടെ കിരീടവും ആയിരിക്കും; നാം കിരീടത്തിലെ വിലയേറിയ മുത്തുകളായിരിക്കും. ഞാൻ നിങ്ങളുടെ , നിങ്ങൾ എന്റെയും. നാം എപ്പോഴും ദൈവത്തോടും കൂടെ ആയിരിക്കും, നാം പരസ്പരവും. നാം സ്വർഗ്ഗത്തിൽ അവിടുത്തെ സഭയിൽ ആയിരിക്ക; സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ നമ്മുടെ എല്ലാം ദിവസങ്ങളും ശബ്ബത്ത് ആണ്, നമ്മുടെ ശബ്ബത്ത് നിത്യത.

“ കർത്താവ് എനിക്കു കൃപയുള്ളവൻ, ശത്രു എന്റെ സമാധാനത്തെ നഷ്ടപ്പെടുത്തുവാൻ പാടില്ല. ദർശനം, മരണത്തിന്മേൽ വിജയം. ഈവിജയം എനിക്ക് നൽകിയ കർത്താവായ യേശുവിന് നന്ദി. ആയിരക്കണക്കിന് പരീക്ഷ വന്ന് വ്യക്തമായ പദവി നഷ്ടം സഹിക്കേണ്ടിവന്നാലും കർത്താവായ യേശു ക്രിസ്തുവിലുള്ള ഉറപ്പ് ഒരായിരം പരീക്ഷകളിൽ നിന്നും നമ്മെ വിടുവിക്കുന്നു.

സ്വിറ്റ്സർണ്ടിലേക്കുള്ള യാത്ര

ഏറെ പ്രാർത്ഥനയ്ക്കും ആലോചനയ്ക്കും ഫ്ളച്ചർ തന്റെ സ്വദേശത്തേയ്ക്ക് പോകുവാൻ തീരുമാനിച്ചു, രോഗിയായിരുന്നെങ്കിലും, തന്റെ രോഗം ഭേദമാകും എന്ന ചിന്തയോടെ, മഡേലിയിലുള്ള ഇടവകക്കാരെ തന്റെ അസാന്നിദ്ധ്യത്തിൽ ചെയ്യേണ്ട കാര്യങ്ങളെ പറഞ്ഞേല്പിച്ചു.

അനുദിനം നിങ്ങളുടെ താഴ്ന്ന ചിന്താഗതികൽ വിട്ട്, ക്രിസ്തുവിന്റെ ഉന്നത ചിന്തയുള്ളവരായി, മറ്റുള്ളവരോട് ദയയുള്ളവരായി, സഹോദരന്മാരെക്കുറിച്ച്, ഉയർന്ന ചിന്താഗതിയുള്ളവരായി നിങ്ങളുടെ ചുറ്റുപാടുകളെക്കുറിച്ച് പ്രത്യാശയുള്ളവരായി മുമ്പോട്ടു പോകുക. നിങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് കത്തുന്നവരും പ്രകാശിക്കുന്നവരും ആയിരിക്കുക. പാപികളോട് ദിവ്യ സ്നേഹത്തിന്റെ തീ കത്തിക്കുക. ശൗര്യം ഉള്ളവരായി സത്യത്തിനു വേണ്ടി നില്ക്കുക. സ്നേഹത്തിൽ മികച്ചവരായിരിക്ക. പാപത്തിനെതിരെ നില്ക്കുക, പാപികളോട് ദയയുള്ളവരായിരിക്ക. നിങ്ങളുടെ സ്വർഗ്ഗീയ മനസ്സ്, സഹോദര സ്നേഹം എല്ലാ മനുഷ്യർക്കും വിളങ്ങട്ടേ, നിങ്ങളെക്കുറിച്ചു അത്ഭുതപ്പെട്ടു പറയട്ടേ, നോക്കുക ഈ മനുഷ്യർ സഹോദരസ്നേഹത്തിൽ എത്ര നല്ലവരാണ്.

“ നിങ്ങൾക്ക് ദയ മാത്രമല്ല വിശ്വാസവും ശക്തിയും ആവശ്യമാണ്. കഷ്ടത ശീലിക്കുക മാത്രമല്ല, ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ പഠിക്കണം. ഒരിക്കലും കഷ്ടതയെ പേടിക്കരുത്, അത് നിങ്ങളുടെ വിശ്വാസത്തെ ശുദ്ധീകരിക്കുന്നു, ബലപ്പെടുത്തുന്നു.

(ശേഷം 8-ാംപേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ഇരിക്കുക പിന്നെ നടക്കുക

ഒരിക്കൽ ക്രൂശിന്റെ ശത്രുക്കളായിരുന്നു, പ്രവൃത്തികളാൽ അവിടുത്തെ കോപിപ്പിച്ചിരുന്നു, അവിടുന്ന് ദൈവത്തോട് നമ്മെ നിരപ്പിച്ചു, ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ സമാധാനം ഉണ്ടാക്കിയിരിക്കുന്നു (1:20,21).

അവിടുന്നു നമ്മെ പിതാവിന്റെ മുമ്പിൽ വിശുദ്ധരും കുറ്റമില്ലാത്തവരുമാക്കി, അവിടുത്തെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. (കൊലൊ. 1:22).

ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം ഇന്നതെന്നു അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളുടെ ഉള്ളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ (1:27).

അവസാന അദ്ധ്യായങ്ങളിൽ പറയുന്ന പ്രബോധനങ്ങളും പ്രതീക്ഷയും ഇവിടെ കാണാം, എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ നിലവാരത്തിൽ നിന്നുകൊണ്ടുള്ളതു മാത്രം, വരുന്ന അദ്ധ്യായങ്ങളിലെ വിഷയം:

" ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മീക വർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചു തന്നതിന് ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ " (2:6,7).

എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ ക്രിസ്തുവിൽ നിങ്ങൾ പൂർണ്ണരായിരിക്കുന്നു (2:10).

അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നെ കൈക്കൊണ്ടല്ലാത്ത പരിച്ഛേദയും ലഭിച്ചു (2:11).

നിങ്ങൾ ക്രിസ്തുവിനോടു കൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷിക കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതെന്ത്? (2 : 20 -23).

കർത്താവായ യേശുവിനോടുകൂടി അവന്റെ ചിന്താഗതികളും കൂടെ സ്വർഗ്ഗീയമായവയായിത്തീരുകയാണ് (3:1, 2).

വിശ്വാസി മരിച്ച് അവന്റെ ജീവൻ ക്രിസ്തുവിൽ മറഞ്ഞ് ദൈവത്തോടുകൂടെ ആയിരിക്കുകയാണ് (3:3).

ക്രിസ്തു വിശ്വാസിയുടെ ജീവനാണ്, അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ അവിടുത്തോടുകൂടെ തേജസ്സിൽ വെളിപ്പെടും (3:4).

ക്രിസ്തുവിൽ നടക്കുക

വിശ്വാസിക്കു വേണ്ടി ദൈവം ഇതൊക്കെയും വെളിപ്പെടുത്തി കൊടുത്തശേഷം, അവൻ ചെയ്തുപോരേണ്ടതിന് അപ്പോസ്തലിക ഉപദേശങ്ങൾ അവനു നൽകി (കൊലൊ. 3,4 അധ്യായങ്ങൾ) ഭൂമിയിലുള്ള തന്റെ അവയവങ്ങളെ മരിപ്പിക്കേണം. ദേഷ്യം കോപം, പക, ദുഷണം, വായിൽ നിന്നു വരുന്ന ദുർഭാഷണം എന്നിവയെ ഉപേക്ഷിക്കണം. അവൻ കള്ളം പറയാൻ പാടില്ല, പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളയേണം. ദൈവത്തിനായി തെരഞ്ഞെടുക്കപ്പെട്ടവൻ എന്ന നിലയിൽ, വിശുദ്ധനും ദൈവത്തിന് പ്രിയപ്പെട്ടവൻ എന്ന നിലയിൽ കരുണ, ദയ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊൾവിൻ. ഒരുവൻ കോപിച്ചാൽ അവനോട് ക്ഷമിക്കണം, കർത്താവു ക്ഷമിച്ചതുപോലെ ക്ഷമിക്കണം. കർത്താവിന്റെ സമാധാനം അവന്റെ ഹൃദയത്തിൽ വാഴേണം. എന്തു ചെയ്താലും ക്രിസ്തുവിന്റെ വചനപ്രകാരം ചെയ്യുക, വാക്കിലും പ്രവൃത്തിയിലും എല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്യേണം, കർത്താവിന്റെ നാമത്തിൽ തുടരുക, ക്രിസ്തുവിന്റെ സ്നേഹത്തിൽ നടക്കുക. സംസാരം കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമാകണം.

വിശ്വാസിയുടെ നടപ്പ് അവിടുത്തെ മഹത്വത്തിന്റെ പദവിയിലായിരിക്കേണം. കർത്താവിനോടുകൂടെ വിശ്വാസി മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റിരിക്കുന്നു, അവൻ പാപത്തിന് മരിച്ചവനാണ്. അവിടുത്തെ ഉയിർത്തെഴുന്നേൽപ്പിൽ പങ്കാളിയാകേണം, സ്വർഗ്ഗസ്ഥലങ്ങളിൽ കർത്താവിനോടുകൂടെ ഇരിക്കേണം. അതുകൊണ്ട് അവിടുത്തെ വചനപ്രകാരം നമുക്കു നടക്കാം.

അവിടുത്തെ സകല ആത്മീക അനുഗ്രഹത്താലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ച് സ്വർഗ്ഗസ്ഥലങ്ങളിൽ അവിടുത്തോടു ഇരുത്തുകയും ക്രിസ്തുവിൽ ദൈവത്തോട് കൂട്ടവകാശികളും ആക്കിയിരിക്കുന്നു. നിത്യജീവന്റെ ഉറവുകളിൽ നിന്നും അവൻ കുടിക്കട്ടെ, പറഞ്ഞു തീരാത്ത സന്തോഷവും, അളവില്ലാത്ത നന്ദി നിറഞ്ഞതും ആയി രാജകുമാരന്മാരായി നടക്കാം.

❖

(7-ാംപേജിന്റെ തുടർച്ച)

ജോൺ ഫ്ളച്ചർ

ഫ്ളച്ചറിന്റെ അവസാന നാളുകൾ

തന്റെ ശുശ്രൂഷയുടെ ഭൂരിഭാഗവും ഫ്ളച്ചർ തനിയേയാണ് ചെയ്തത്. വർഷങ്ങൾക്കു മുമ്പ് താൻ കണ്ടുമുട്ടിയ ക്രിസ്തീയ വിശ്വാസിയായ മേരിബൊസാൻക്വറ്റ്, അവരുമായി താൻ ഏറെ ഇഷ്ടപ്പെട്ട്, അവരുടെ സമ്പത്ത് ഒന്നും അവരെ നേടുവാൻ തക്കവണ്ണം തന്റെ പേരിൽ ആക്കിയിട്ടില്ല. അവരും അതുപോലെ സ്ഥിരമായി മനസ്സിൽ സൂക്ഷിച്ച് വർഷങ്ങൾ ജനത്തിന് പ്രയോജനമായി വേല ചെയ്തു.

കർത്താവിന്റെ സമയമായപ്പോൾ സ്വന്തം വീടും സമ്പത്തും ഫ്ളച്ചറും മേരിബൊസാൻക്വറ്റും വിവാഹിതരായി.

വെറും നാലു വർഷങ്ങൾക്കു ശേഷം തന്റെ 55-ാം വയസ്സിൽ ഫ്ളച്ചർ വിശ്രമത്തിനായി ചേർക്കപ്പെട്ടു. അവസാനമായി താൻ പറഞ്ഞവാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. " എനിക്കു തണുപ്പ് ബാധിച്ചിരിക്കുന്നു. വെള്ളിയാഴ്ചയും ശനിയാഴ്ചയും സ്ഥിതി വഷളായി, വളരെ പ്രാർത്ഥിച്ചു. ഞായറാഴ്ച താൻ പ്രസംഗിക്കേണ്ടിയിരുന്നു. പനി അതികഠിനമായി. ജനത്തിന്റെ മുമ്പിൽ നില്ക്കുവാനായി പ്രയാസമായി. എല്ലാ കണ്ണുകളും അദ്ദേഹത്തെ നോക്കിയിരുന്നു. താൻ പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ താൻ ശക്തിനായിത്തീർന്നു. തന്റെ ഊർജ്ജവും ശക്തിയും മടങ്ങി വന്നു. ദൂത് എല്ലാവർക്കും അനുഗ്രഹമായിത്തീർന്നു. കർത്തൃമേശയ്ക്ക് ശുശ്രൂഷിച്ചു. ആ സമയം താൻ ക്ഷീണിതനായി. മരണത്തോടടുക്കുമ്പോൾ ദൈവം തന്റെ സ്നേഹം തന്റെമേൽ ചൊരിഞ്ഞു.

(ശേഷം 9-ാംപേജിൽ)

ഉയിർത്തെഴുന്നേറ്റ രക്ഷകന്റെ ശക്തി

By Charles H.Spurgeon

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്നത് ഒരു ചെറിയ കാര്യമല്ല, ഇപ്പോൾ എന്തായിരിക്കുന്നു എന്നതും, ക്രൂശിക്കപ്പെട്ടവനായ യേശു ഉയിർത്തെഴുന്നേറ്റ് നമ്മിൽ വസിക്കുന്നതും ചെറിയ കാര്യമല്ല. അവൻ ഇവിടെയില്ല അവിടുന്നു ഉയിർത്തെഴുന്നേറ്റു! അവൻ ഇവിടെയില്ല, ഉന്നതങ്ങളിലേക്ക് കരേറിപ്പോയി! അവൻ ഇവിടെ ഇല്ല, അവിടുന്നും പിതാവിന്റെ വലത്തു ഭാഗത്ത് നമുക്കുവേണ്ടി പക്ഷവാതം ചെയ്തു ജീവിക്കുന്നു.

യേശുവിനു സർവ്വശക്തിയുണ്ട്

" സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (മത്താ. 28:18).

ഒരു നിമിഷം ഈ പദങ്ങളെക്കുറിച്ച് ചിന്തിക്കാം, സർവ്വശക്തി. യേശുക്രിസ്തു തന്നെത്താൻ പിതാവിന് നൽകി, പരിണതഫലമായ മരണം എന്ന നിലയിൽ, സർവ്വശക്തി. ഏതെല്ലാം അർത്ഥങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു? നമുക്ക് ഗ്രഹിക്കുവാൻ സാദ്ധ്യമല്ല! ഇത് ഉന്നതാണ്. അത് ശ്രമകരമാണ്. അത്തരം ഒരറിവ് നമുക്ക് അത്ഭുതകരമാണ്. തന്റെ അത്ഭുതശക്തി, സൃഷ്ടിപ്പിന്റെ തന്റെ സൃഷ്ടികളെ പരിപാലിക്കുന്ന ശക്തി, എല്ലാം അണിയിച്ചൊരുക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ശക്തി, തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ശക്തി, ദൂരെ എറിയുകയും സ്ഥാപിക്കുകയും ചെയ്യുന്ന ശക്തി, കൊല്ലുകയും ജീവിപ്പിക്കയും ചെയ്യുന്ന ശക്തി, ക്ഷമിക്കയും വിധിക്കയും ചെയ്യുന്ന ശക്തി, കൊടുക്കുകയും തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന ശക്തി, പ്രഖ്യാപിക്കുകയും നിറവേറ്റുകയും ചെയ്യുന്ന ശക്തി ആയിരിക്കുക ഒറ്റവാക്കിൽ, സർവ്വത്തിൻ മീതെ തലയാക്കി വച്ച് എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന സഭയ്ക്ക് കൊടുത്തിരിക്കുന്ന യേശുക്രിസ്തു നമ്മുടെ കർത്താവ്.

പരിശുദ്ധാത്മാവിന്റെ ശക്തി

" സർവ്വശക്തി " ഇത് ഒരു അനുഭവം ആയിരിക്കുന്നു. സർവ്വശക്തിയുള്ള പരിശുദ്ധാത്മാവാ. പരിശുദ്ധാത്മാവ് പാപബോധം വരുത്തുന്നു, രക്ഷകനിലേക്ക് നടത്തുന്നു പുതിയ ഹൃദയവും പുതിയ ആത്മാവും കൊടുക്കുന്നു, സഭയിൽ നടുന്നു, വളരുവാൻ സഹായിക്കുന്നു, ഫലവത്താക്കിത്തീർക്കുന്നു. അഭിഷേകതൈലം അഹരോന്റെ തലയിൽ വീഴുന്നതുപോലെ, അത് അഹരോന്റെ താടിയിലേക്ക് ഒഴുകി, വസ്ത്രത്തിലൂടെ ഒഴുകി വരുന്നതുപോലെ പരിശുദ്ധാത്മാവു അളവുകൂടാതെ തന്നിൽ നിന്നും നമ്മിലേക്ക് പകർന്നു തരുന്നു!

സർവ്വശക്തി ഭൂമിയിൽ

നമ്മുടെ കർത്താവ് പ്രഖ്യാപിച്ചു കാണുന്നത് സർവ്വശക്തി സ്വർഗ്ഗത്തിലും ഭൂമിയിലും. ഭൂമിയിലെ സകല അധികാരവും കർത്താവിന്റെ കരങ്ങളിൽ വന്നപ്പോൾ തന്റെ ശക്തി തന്റെ ശിഷ്യന്മാരുടെമേൽ പകർന്നു, അവരുടെ കരങ്ങൾക്ക് ശക്തി പകർന്നു. ഉന്നതവിളിക്ക് യോഗ്യരായിത്തീർക്കുന്നു. മുൻ നിരകളിൽ അവരെ കൊണ്ടുവരാതെ തന്നെ, അവരെ നിയമിച്ചാക്കിയ സ്ഥലങ്ങളിൽ അവിടുത്തെ വരവുവരെ അവിടുത്തെ ശക്തി പകർന്നു അവരെ പ്രയോജനമുള്ളവരാക്കി തീർക്കുന്നു. പ്രിയ സഹോദരാ കർത്താവായ യേശു നിന്നെ ആക്കിയിരിക്കുന്ന സ്ഥാനത്തു നിനക്കു അഭിവൃദ്ധി നൽകിയതിനെ അനുഗ്രഹിക്കും. പ്രിയസഹോദരീ, നിന്റെ പാദപീഠത്തിൽ വരുന്ന ഓരോ കൊച്ചുകുട്ടികളെയും നിന്നെ ചൊല്ലി കർത്താവ് അനുഗ്രഹിക്കും. നിങ്ങൾ ക്ഷീണിതൻ ആയിരിക്കാം, നിങ്ങൾക്കറിയാം, കാരണമില്ലാതെ അധൈര്യപ്പെടുന്നതെന്തിന്. ബലത്തിനായി ബലവാനായവനിലേക്ക് നോക്കുക, അവടുന്ന് നിങ്ങളെ ഉയരത്തിലേ ശക്തി ധരിപ്പിക്കും, ഗിദെയോനോട് പറഞ്ഞതുപോലെ ഈ ബലത്തോടെ പോക (യൂദ. 6:14).

ഈ ദിവസങ്ങളിൽ സഭയ്ക്കു വേണ്ടിയുള്ള ദൈവശക്തി

പ്രിയ വിശ്വാസികളേ, കർത്താവിൽ ആശ്രയിക്കുക, ദൈവത്തിന്റെ നിറവിൽ നിന്നും, കൃപമേൽ കൃപ. ഈ ശക്തി നമുക്കു തരുവാൻ അവിടുത്തേക്ക് ഇഷ്ടമായിരിക്കുന്നു, തന്റെ മുഴു ശക്തിയാൽ അവിടുന്ന് സഭയെ നയിക്കും. സഭ ഉറങ്ങുകയാണോ? അവിടുത്തെ ശബ്ദം അവളെ ഉണർത്തും. അവൾ പ്രാർത്ഥിക്കുന്നുണ്ടോ? തന്റെ കൃപ അവളുടെ ധ്യാനത്തിങ്കൽ പകരും. അവൾ അവിശ്വസിക്കുകയാണോ? അവളുടെ ആദ്യ വിശ്വാസത്തിലേക്ക് ഉണർത്തും. യുദ്ധത്തിൽ അവൾ തിരിഞ്ഞോടുകയാണോ, സംശയങ്ങളാലും ഭയത്താലും ഭാരപ്പെടുന്നുവോ? സുവിശേഷത്തിന്റെ അസാധാരണ ശക്തിയാൽ അവിടുന്ന് നിങ്ങളെ ഉദ്ധരിക്കും, നിന്നെ അനുഗ്രഹിച്ചു നിന്റെ മക്കളെ വിശ്വാസവീരന്മാരാക്കും.

നമുക്കു വിശ്വസിക്കാം, നാം ദൈവത്തിന്റെ മഹത്വം കാണും. ഒരിക്കലും സഭയെ ഓർത്തു നിരാശപ്പെടരുത്. ജിജ്ഞാസയുള്ളവരായിരിക്ക, ജിജ്ഞാസ പ്രാർത്ഥനയായി മാറട്ടെ. എപ്പോഴും പ്രത്യാശയോടിരിക്ക, അവളുടെ വീണ്ടെടുപ്പുകാരൻ ശക്തനാണ്, തന്റെ ശക്തിയെ അവിടുന്നു പകർന്നു നടത്തും. സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ട്. യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു (സങ്കീ. 46:7). നമ്മുടെ അരികിൽ ഒരുവൻ ഉണ്ട്, ലോകത്തിന് അവനെ കാണുവാൻ കഴിയുകയില്ല. തന്നിൽ നിക്ഷിപ്തമായ അധികാരത്താൽ അഗ്നിയാലുള്ള അഭിഷേകം ചെയ്തു പരിശുദ്ധാത്മാവിൽ നമ്മെ കാക്കും. ❖

(8-ാംപേജിന്റെ തുടർച്ച)

ജോൺ ഫ്ളച്ചർ

നിത്യ വിശ്രമത്തിനായി കടന്നുപോയി.

അവസാന നാളുകളിൽ, ഫ്ളച്ചർ തന്റെ ഭാര്യയുമായി കൂട്ടായ്മ ആചരിച്ചു. തന്റെ വീണ്ടെടുപ്പുകാരനെ ഏകദേശം തന്റെ ശബ്ദം ഉയർത്തി പുകഴ്ത്തി. "ദൈവം സ്നേഹം ആകുന്നു! സ്നേഹം! സ്നേഹം! ആ നിത്യ സ്നേഹം! ശനിയാഴ്ച തന്റെ ബലവും ശ്വാസവും അധികം വഷളായി. ഞായറാഴ്ച താൻ വിശ്രമത്തിനായി കടന്നുപോയി.

❖